പ്പൂർ, വിഴിഞ്ഞം മുനമ്പം (കൊടുങ്ങല്ലൂർ) തുറമുഖങ്ങളുടെ വികസനത്തിനായി സി.ഒ.ടി.എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുണ്ട്.

(സി) കേരളത്തിലെ തുറമുഖങ്ങളുടെ അനുയോജ്യതാ പഠനം നടത്തുതിന് കേരള സർക്കാർ ബോംബെയിലെ "ഇൻഡോപ്പോൾ" എന്ന കമ്പനിയെക്കൊണ്ട് 1968-ൽ പഠനങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) ആലപ്പുഴ തുറമുഖത്തിന്റെ പുനരുദ്ധാരണത്തിനായി പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു.

(ഇ) കായംകുളം ഒഴിയെുള്ള തുറമുഖങ്ങളുടെ വികസനത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(എഫ്)സംസ്ഥാനങ്ങളിലെ ചെറുകിട ഇടത്തരം തുറമുഖങ്ങളുടെ വികസനത്തിനായി കേന്ദ്ര ഗവൺമെന്റിന് പദ്ധതികൾ ഒന്നും നിലവിലില്ലാത്തതിനാൽ പദ്ധതികളൊന്നും സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

230 (2546) ചെറുവത്തൂർ-നീലേശ്വരം അഴിമുഖത്ത് ബ്രേക്ക് വാട്ടർ നിർമ്മാണം

<u>ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുവത്തൂർ, നീലേശ്വരം അഴിമുഖത്ത് ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ചെറുവത്തൂർ അഴിമുഖത്ത് മണൽ വന്നടിഞ്ഞതിനാൽ ബോട്ടുകൾക്ക് മത്സ്യബന്ധനത്തിനുപോകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മടക്കരകായലിനകത്തും മണൽ വന്നടിഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ബ്രേക്ക് വാട്ടർ ടെന്റർ നടത്താനുള്ള നീക്കം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം അറിയിക്കുമോ?

<u>ഉത്തരം</u>

(എ)&(ബി)ഉണ്ട്. ചെറുവത്തൂർ, നീലേശ്വരം അഴിമുഖത്ത് ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനോടനുബന്ധിച്ചുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്ക് വേണ്ടി 6.10 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് 10/90-ൽ സർക്കാർ അനുമതി നൽകുകയും മാതൃകാപഠനം നടത്തുന്നതിനുള്ള അന്വേഷണഗവേഷണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(സി)&(ഡി) ഉണ്ട്.

(ഇ) പദ്ധതിക്ക് വേണ്ടിയുള്ള മാതൃകാപഠന ചെലവിനുള്ള എസ്റ്റിമേറ്റ് പൂനയിലെ കേന്ദ്രജലവൈദ്യുത കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാക്കാൻ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly